**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **06-10-2021 - ൽ മറുപടിയ്ക്ക്**

**വരൾച്ച ദുരിതാശ്വാസമായി വിതരണം ചെയ്ത കുടിവെള്ളത്തിന് തുക ഈടാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്രോതസ്സിൽ നിന്നും ശേഖരിച്ച് വരൾച്ച ദുരിതാശ്വാസമായി വിതരണം ചെയ്ത കുടിവെള്ളത്തിന് തുക ഈടാക്കാനുള്ള വകുപ്പിന്റെ നടപടി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ മുഖേന പഞ്ചായത്ത് നൽകിയ ഹർജിയിൽ വാട്ടർ അതോറിറ്റി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എ) | സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തങ്ങളുടെ തനത് / പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും ടാങ്കർ ലോറിയിൽ വിതരണം ചെയ്യുവാൻ വേണ്ടി നൽകുന്ന കുടിവെള്ളത്തിന് തുക ഈടാക്കാൻ കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയത്. എന്നാൽ ഏതെങ്കിലും കാരണവശാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ഒടുക്കുവാൻ കഴിയാത്ത പക്ഷം അവർക്ക് കുടിവെള്ളം നൽകുന്നത് നിഷേധിക്കരുതെന്നും നൽകുന്ന ജലത്തിന്റെ ചാർജ് റിഇംബേഴ്സ് ചെയ്യുവാൻ ശ്രമിക്കുവാനും നിർദ്ദേശിച്ചിരുന്നു. ബേഡഡുക്ക ഗ്രാമപഞ്ചായത്തിന് മേൽപ്പറഞ്ഞ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 05/04/2021 മുതൽ 05/05/2021 വരെ 807 കിലോ ലിറ്റർ കുടിവെള്ളം വിതരണത്തിനായി നൽകിയെങ്കിലും പ്രസ്തുത ആവശ്യത്തിലേക്കായി തുക ഒടുക്കുവാൻ ആ അവസരത്തിൽ നിഷ്കർഷിച്ചിരുന്നില്ല. എന്നാൽ ഗ്രാമപഞ്ചയാത്തുകൾക്ക് കുടിവെള്ള വിതരണ നത്തിന് സർക്കാർ ഫണ്ട് അനുവദിച്ചതിനെ തുടർന്ന് തുക അടയ്ക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. ബഹു. എംഎൽഎ 02/07/2021 ന് നൽകിയ ഹർജി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ